**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4817** **20-03-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ **അനുബന്ധം - എ** ആയി ചേർക്കുന്നു |
| (ബി) | കണ്ണൂർ വിമാനത്താവള റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | (ബി) | കണ്ണൂർ വിമാനത്താവള റോഡുകളുടെ നിർമ്മാണ പുരോഗതി **അനുബന്ധം - ബി** ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -എ</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ചാലോട് ടൗൺ ബ്യൂട്ടിഫിക്കേഷൻ | പ്രസ്തുത പ്രവൃത്തി അന്തിമഘട്ടത്തിലാണ്. (പ്രവൃത്തി 70% പൂർത്തീകരിച്ചു). |
| 2 | ചിറ്റാരിപ്പറമ്പ - വട്ടോളി - കൊയ്യാറ്റിൽ റോഡ് | 98% പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് സുരക്ഷാ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3 | പള്ളിപ്പാലം - വായന്നൂർ - വേക്കളം റോഡ് | ബി.എം. പൂർത്തിയായി. (80%) |
| 4 | ആയിത്തറ- ഗോശാല റോഡ് | സ്ഥലം 27.10.2024-ന് കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിനായി കൈമാറി. KWA പൈപ്പ് ലൈൻ പ്രവൃത്തി നടക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. KWA പ്രവൃത്തി പൂർത്തീകരിച്ചാലുടൻ തന്നെ റോഡ് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 5 | പാലോട്ട് പള്ളി - പരിയാരം - വെമ്പടി - കോളാരി - നെടിയഞ്ഞിരം റോഡ് | ഡ്രൈനേജ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 35% പൂർത്തീകരിച്ചു. |
| 6 | കോളയാട് ടൗൺ സൗന്ദര്യവൽക്കരണം | 80% പൂർത്തീകരിച്ചു. ബി.സി. പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 7 | ചൊവ്വ - മട്ടന്നൂർ റോഡിൽ ഡ്രൈനേജ് പ്രവൃത്തി | പ്രവൃത്തി 80% പൂർത്തീകരിച്ചു. ഇതിന്റെ ഭാഗമായ പെയിന്റിംഗ് പ്രവൃത്തിയും ടൈലിംഗ് പ്രവൃത്തിയും ബാക്കിയുണ്ട്. |
| 8 | മട്ടന്നൂർ ഇരിക്കൂർ റോഡ് - ബാലൻസ് പ്രവൃത്തി | പ്രസ്തുത റോഡ്പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 24.07 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. 19.03.2018-ൽ 24.07 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തതിനെ തുടർന്ന് M/s ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനി എന്ന കരാറുകാരന് 19.24 കോടി രൂപയ്ക്ക് കരാർ നൽകി. റോഡിന്റെ പ്രവർത്തിക്കു ഭൂമി |

| | | |
|---|---|---|
| | | ഏറ്റെടുക്കൽ നടപടികൾ വൈകിയതുകാരണം കരാറുകാരൻ പ്രവർത്തി തുടരാൻ വിസ്സമ്മതിച്ചതിനാലും, കിഫ്ബിയുടെ നിർദേശ പ്രകാരവും കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്യുകയും, ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമാണുണ്ടായത്. തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന് , 22.08.2022-ൽ 20.58 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് K Mohammed Haji എന്ന കരാറുകാരന് 16.03 കോടി രൂപയ്ക്ക് കരാർ നൽകി. നിലവിൽ പുഴയോട് ചേർന്ന് റോഡിടിഞ്ഞ ഭാഗത്തു കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 6(1) വിജ്ഞാപനം 08.11.2024 തീയ്യതിയിൽ പ്രസിദ്ധീകരിക്കുകയും തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. മട്ടന്നൂർ ഇരിക്കൂർ റോഡിൽ 3.3 കി.മീ DBM പൂർത്തിയാക്കി. പുഴയിടിഞ്ഞ ഭാഗത്ത് റീഇൻഫോഴ്സ്ഡ് വാൾ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. |
| 9 | പെരുവാംപറമ്പ് കല്ലുവയൽ നെല്ലിക്കാംപൊയിൽ റോഡ് | പ്രസ്തുത റോഡ്പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 30.97 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിക്ക് 29.618 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് M/s ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനിക്ക് 22.026 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി പുരോഗമിക്കുന്നു. 35% പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | വട്ടോളി ബ്രിഡ്ജ് ബാലൻസ് പ്രവൃത്തി | വട്ടോളി പാലം പ്രവർത്തിക്കു 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 15.14 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. വട്ടോളി പാലത്തിന്റെ ഒറിജിനൽ വർക്ക് M/s PG Constructions company എന്ന കരാറുകാരന് ടെൻഡർ പ്രകാരം |

| | | |
|---|---|---|
| | | ഏല്പിക്കുകയുണ്ടായി. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ച സമയത്ത് പ്രൈസ് എസ്കലേഷൻ ആവശ്യപ്പെട്ട് കരാറുകാരൻ പ്രവർത്തി തുടരാൻ വിസമ്മതിച്ചത് മൂലം കോൺട്രാക്ട് terminate ചെയ്യുകയായിരുന്നു. ആയത് പ്രകാരം, വട്ടോളി പാലത്തിന്റെ ബാലൻസ് വർക്കിനു 4.614 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും, തുടർന്നു പ്രവർത്തി ടെൻഡർ ചെയ്തു 3.675 കോടി രൂപയ്ക്ക് VYSHAK. S എന്ന കരാറുകാരന് പ്രവർത്തി നൽകുകയും ചെയ്തു . പാലത്തിന്റെ പ്രവർത്തി 04.09.2023 മുതൽ തുടർന്ന് വരുന്നു. നിലവിൽ പ്രവർത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. |

<u>അനുബന്ധം – ബി</u>

| ക്രമ നം | റോഡിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | എയർപ്പോർട്ട് കണക്റ്റിവിറ്റി തലശ്ശേരി കൊട്ടവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ് | പ്രസ്തുത പ്രവർത്തിക്കു തത്വത്തിൽ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 423.72 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് സബ് ഡിവിഷൻ സർവ്വേ പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | പെരിങ്ങത്തൂർ – മേക്കുന്ന് – പാനൂർ – പൂക്കോട്– കൂത്തുപറമ്പ – മട്ടന്നൂർ എയർപ്പോർട്ട് റോഡ് | പ്രസ്തുത പ്രവർത്തിക്കു ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 591.03 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 19.02.2024 തീയ്യതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സെൻ്റർ ഫോർ ലാൻ്റ് ആൻ്റ് സോഷ്യൽ സ്റ്റഡീസ്, തിരുവനന്തപുരത്തിനെ സാമൂഹികാഘാത പഠനത്തിനായി നിയോഗിക്കുകയും ചെയ്തു. സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. പബ്ലിക് ഹിയറിംഗ് മാർച്ച് 18 മുതൽ 25 വരെ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 3 | കണ്ണൂർ ഇൻ്റർനാഷണൽ എയർപ്പോർട്ട് കണക്ടിവിറ്റി റോഡ് –3 മാനന്തവാടി–ബോയ്സ് ടൗൺ – പേരാവൂർ–ശിവപുരം മട്ടന്നൂർ റോഡ് | പ്രസ്തുത റോഡ് പ്രവൃത്തിക്ക് തത്വത്തിൽ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 964.72 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. വിദഗ്ധ സമിതി രൂപീകരിച്ചു. |
| 4 | ചൊർക്കള – ബാവുപ്പറമ്പ–നാണിച്ചേരിക്കടവ്–ചെക്യാട്ടുകാവ്–മയ്യിൽ–പാവന്നൂർ മൊട്ട– കൊളോളം–ചാലോട് റോഡ് | പ്രസ്തുത റോഡ് പ്രവൃത്തിക്ക് ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 291.634 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |